Veekshanam 18-09-18, P-06

# അടക്കായ്ക്കും കുരുമുളകിനും പിന്നാലെ കൊക്കോ കൃഷിയും കർഷകരെ കൈവിടുന്നു

ജോയി മാരൂർ

കാഞ്ഞങ്ങാട്: സംസ്ഥാനത്ത് അടയ്ക്ക, കുരുമുളക് എന്നീ കൃഷികൾക്ക് പിന്നാലേ കൊക്കോ കൃഷിയും ഇത്തവണ കർഷകരെ കൈവിടുന്നു. നിർത്താതെ പെയ്ത കനത്ത മഴയാണ് സംസ്ഥാനത്തെ കൊക്കോ കൃഷിയെ പ്രതികൂലമായി ബാധിച്ചത്.

മഴ കാരണം കൊക്കോ കൃഷിയുടെ വിളവ് പൂർണമായി നശിച്ചു എന്നതിനൊപ്പം കൊക്കോ മരങ്ങളും ഉണങ്ങി പോകുന്നു. കഴിഞ്ഞ വർഷങ്ങളിൽ നല്ല വിളവും വിലയും ലഭിച്ചതു കാരണം കർഷകനു മുതൽക്കൂട്ടായിരുന്ന ഇടവിളയാണു കൊക്കോ. എന്നാൽ ഇത്തവണ പൂവിരിഞ്ഞ് കിളിർത്ത കായകളെല്ലാം മരത്തിൽ തന്നെ കരിഞ്ഞു പോയി. വർഷത്തിൽ എട്ടു മുതൽ ഒൻപതു മാസക്കാലം തുടർച്ചയായി കൊക്കോ വിളവ് ലഭിക്കുന്നതുമൂലം സ്ഥിരവരുമാനവും കർഷകർക്ക് കിട്ടുമായിരുന്നു.

മഴ കൂടിയതു കാരണം മരത്തിൽ തന്നെ ഉണങ്ങിനശിച്ച കൊക്കോ കായ്കൾ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലാണ് ഏറ്റവും കൂടുതൽ വിളവ് ലഭിക്കുന്ന സീസൺ. മേയ് അവസാനം മുതൽ ഓഗസ്റ്റ് അവസാനം വരെ പെയ്ത കനത്ത മഴ കാരണം കൊക്കോ കായ്കൾ മരത്തിൽ തന്നെ ചീഞ്ഞു നശിച്ചു. ഒരു മരത്തിൽ സാധാരണയായി 100 മുതൽ 150 കായകൾ വരെ ലഭിക്കാറുണ്ടെങ്കിലും ഇത്തവണ ഒരു കായ പോലും അവശേഷിക്കാതെ പൂർണമായി നശിച്ചു. സാധാരണ വർഷങ്ങളിൽ ഈ കാലയളവിൽ മാസം 2000 കൊക്കോ മരങ്ങളിൽനിന്നായി പ്രതിമാസം ഒരു ടൺ കൊക്കോ കായ്കൾ ലഭിച്ചിരുന്നു. എന്നാൽ ഇത്തവണ അതു പൂർണമായി നഷ്ടപ്പെട്ടു കർഷകർ പറയുന്നു.



എല്ലാ ആഴ്ചകളിലും ലഭിച്ചിരുന്ന വരുമാനം പൂർണമായി നിലച്ചത് കർഷകർക്കു വലിയ നഷ്ടമാണുണ്ടാക്കിയത്. കേരളത്തിലെ വിവിധ ജില്ലകളിലും കർണാടകത്തിന്റെ അതിർത്തി ഗ്രാമങ്ങളിലും അടയ്ക്കാതോട്ടങ്ങളിലെ കൊക്കോ വിളവാണു പൂർണമായി നഷ്ടമായിരിക്കുന്നത്.

കാലാവസ്ഥാ വ്യതിയാനം മൂലം പ്രതിവർഷം 20 മുതൽ 25 ശതമാനം വരെ കൊക്കോ വിളവ് നഷ്ടമാവാറുണ്ടെങ്കിലും ഈ വർഷം മഴ പൂർണമായി വിളവ് കവർന്നു.

വിപണിയിൽ കൊക്കോ എത്തുന്നില്ല. കൊക്കോ വിളവ് നഷ്ടപ്പെട്ടത് വിപണിയെയും ബാധിച്ചു. കഴിഞ്ഞ ഒന്നര മാസത്തിലേറെയായി കൊക്കോ വിപണിയിൽ എത്തുന്നില്ല എന്നു കച്ചവടക്കാർ പറയുന്നു. വലിയ കൊക്കോ വിപണി ലഭ്യമാക്കുന്ന കേരള- കർണാടക സംസ്ഥാനങ്ങളുടെ സംയുക്ത സംരംഭമായ കാംപ്കോയിലേക്കും കൊക്കോയുടെ വരവ് കുറഞ്ഞു.

2017 ഏപ്രിൽ മുതൽ ഓഗസ്റ്റ് അവസാനം വരെ കാംപ്കോ 35,000 ക്വിന്റൽ കൊക്കോ വാങ്ങിയിരുന്നു. എന്നാൽ ഈ വർഷം ഈ കാലയളവിൽ 20,000 ക്വിന്റൽ കൊക്കോ മാത്രമാണ് എത്തിയത്. കഴിഞ്ഞ വർഷം ജൂൺ-ഓഗസ്റ്റ് കാലയളവിൽ 20,000 ക്വിന്റൽ എത്തിയിരുന്നിടത്ത് ഈ വർഷം എത്തിയത് 9,000 ക്വിന്റൽ മാത്രം.

ഈ വർഷം ജൂലൈ അവസാന വാരം മുതൽ വിപണിയിലേക്കു കൊക്കോയുടെ വരവ് തന്നെ നിലച്ചിരിക്കുകയാണ് എന്നു കാംപ്കോ അധികൃതർ പറയുന്നു.